**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത്- പാമ്പാടി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പട്ടികജാതി കുടുംബങ്ങളിൽ മഴവെള്ള സംഭരണി നിർമ്മാണം-ഓഡിറ്റ് പരാമർശങ്ങൾ- സാധൂകരണം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 856 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി:24/03/2017

പരാമർശം: 1. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27/01/2017-ലെ ഡി3-3455/13 നമ്പർ കത്ത്.

2.കോട്ടയം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 19/01/2017-ലെ 8)ാം നമ്പർ തീരുമാനം.

3. 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2

**ഉത്തരവ്**

കോട്ടയം ജില്ലാ പഞ്ചായത്തിൽ 2009-10 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2012-13 വർഷത്തിൽ പൂർത്തിയാക്കിയ പാമ്പാടി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പട്ടിക ജാതി കുടുംബങ്ങളിൽ മഴവെള്ള സംഭരണി (327/10-11)എന്ന പദ്ധതിയുടെ നടത്തിപ്പിൽ അപാകതകളുള്ളതായി 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.ഈ പരാമർശങ്ങൾക്ക് സാധൂകരണം ലഭ്യമാക്കണമെന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2) സബ്സിഡി മാർഗരേഖയിലില്ലാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ 100% സബ്സിഡി നൽകി ,ഗ്രാമസഭകൾ വഴിയല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു,അർഹതാ മാനദണ്ഡങ്ങൾ പരിഗണിക്കാതെ ആനുകൂല്യങ്ങൾ നൽകി എന്നിവയാണ് ഓഡിറ്റ് പരാമർശങ്ങൾ.ഈയിനത്തിൽ ചെലവായ 68000/-രൂപ സെക്രട്ടറിയിൽനിന്നും ഈടാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുകയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യമായ 428459/-രൂപ തടസ്സപ്പെടുത്തുകയും ചെയ്തു.

3) ) മഴവെള്ള സംഭരണി സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള അക്രഡിറ്റഡ് ഏജൻസിയായ SEUF (Socio, Economic Unit Foundation) കണ്ടെത്തിയ ഗുണഭോക്താക്കൾക്കാണ് പദ്ധതി അനുവദിച്ചു നൽകിയത്. പൊതുവിൽ ജലവിതരണ/മഴവെള്ള സംഭരണി പദ്ധതികൾക്ക്, ജല ദൗർലഭ്യമാണ് പ്രധാന പരിഗണന എന്നതിനാൽ ഈ മേഖലയിൽ വൈദഗ്ധ്യം നേടിയിട്ടുള്ള SEUF നെ വിശ്വാസത്തിലെടുത്താണ് പദ്ധതിയുമായി മുന്നോട്ടു പോയതെന്നും, കൂടാതെ പ്രസ്തുത പട്ടിക ഗ്രാമ സഭ ചേർന്ന് പിന്നീട് സാധൂകരിക്കുകയും ചെയ്തിട്ടുണ്ട് എന്നും, ആയതിനാൽ പദ്ധതിക്കായി പണം ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് അപേക്ഷിക്കുകയുണ്ടായി .

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി പട്ടികജാതി കുടുംബങ്ങൾക്കാണ് ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയത് എന്നതിനാലും ഗുണഭോക്തൃ പട്ടികയ്ക്ക് ഗ്രാമ സഭ പിന്നീട് സാധൂകരണം നൽകിയിട്ടുണ്ട് എന്നതിനാലും ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും അഴിമതിയോ ക്രമക്കേടോ ഒന്നുംതന്നെ ഉണ്ടായതായി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും മറ്റു വിധത്തിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാലും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം. എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി അധിക സബ്സിഡി ഇനത്തിൽ ചെലവഴിച്ച 68,000/-(അറുപത്തിയെണ്ണായിരംരൂപമാത്രം)രൂപയും. പ്രഥമ ഗുണഭോക്തൃപട്ടികയിലുൾപ്പെടാത്തതും എന്നാൽ പിന്നീട് ഗ്രാമസഭ സാധൂകരിച്ചതുമായ 13 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 4,28,459/-(നാലു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി നാനൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) രൂപയും സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഷിബു.എ.റ്റി
ഗവ.അണ്ടർ സെക്രട്ടറി

സെക്രട്ടറി. കോട്ടയം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം.തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ